പതിമൂന്നാം കേരള നിയമസഭ - ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:168 10/12/2012 - ൽ മറുപടിക്ക്

## അലങ്കാര മത്സ്യകൃഷി

**ചോദ്യം**

ശ്രീ. ശ്രീ. റ്റി. എൻ. പ്രതാപൻ:
,, കെ. ശിവദാസൻ നായർ:
,, എം. എ. വാഹീദ്:
,, എ. പി. അബ്ദുള്ളക്കുട്ടി:

(എ) അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുവാൻ എന്തെല്ലാം പദ്ധതിയാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

**മറുപടി**

ശ്രീ.കെ. ബാബു
(മത്സ്യബന്ധനവും തുറമുഖവും
എക്സൈസും വകുപ്പ് മന്ത്രി:

(എ) അലങ്കാര മത്സ്യകൃഷി പ്രോൽസാഹിപ്പിക്കുന്നതിന്റെ ഭാഗമായി 'വീട്ടിലൊരു അക്വേറിയം' എന്ന പദ്ധതി 2013-14 വർഷം നടപ്പിലാക്കുന്നതിന് ഫിർമ ആസൂത്രണം ചെയ്തിട്ടുണ്ട്. നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ സഹായത്തോടെ അലങ്കാര മത്സ്യകൃഷി പ്രോൽസാഹനത്തിന് സഹായം നൽകി വരുന്നുണ്ട്. അലങ്കാര മത്സ്യകൃഷി യുടെ ഭാഗമായി വനിതാ സ്വയം സഹായ സംഘങ്ങൾക്ക് അലങ്കാര മത്സ്യകൃഷിയുടെ വിവിധ വശങ്ങളെക്കുറിച്ച് പരിശീലനം നൽകുകയും യൂണിറ്റുകൾ തുടങ്ങുന്നതിനുള്ള നടപടികൾ മത്സ്യഫെഡ് മുഖേന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ നടപ്പിലാക്കുകയും ചെയ്യുന്നു. കോട്ടയം ജില്ലയിലെ ഉദയനാപുരം വില്ലേജിൽ കുടുംബശ്രീ സംഘടനാ

സംവിധാനത്തിന്റെ പങ്കാളിത്തത്തോടെ അലങ്കാര മത്സ്യഗ്രാമ പദ്ധതി ആരംഭിച്ചിട്ടുണ്ട്. ഇത്തരം യൂണിറ്റുകൾക്ക് ഉൽപ്പാദനം മുതൽ വിപണനം വരെയുള്ള വിവിധ ഘട്ടങ്ങളിൽ സാമ്പത്തിക സഹായവും സാങ്കേതിക പിൻതുണയും മത്സ്യഫെഡ് നൽകി വരുന്നു. മത്സ്യഫെഡിന്റെ കോട്ടയം അക്വേറിയം, തെൻമല ശുദ്ധജല അക്വേറിയം എന്നിവ കേന്ദ്രമാക്കി അലങ്കാര മത്സ്യക്കൃഷിയിലും അക്വേറിയം സജ്ജീകരണത്തിലും പരിശീലന ക്ലാസ്സുകൾ സംഘടിപ്പിച്ചു വരുന്നു. മത്സ്യഫെഡിന്റെ നേതൃത്വത്തിൽ കോട്ടയം മുനിസിപ്പൽ പാർക്ക്, തെൻമല അക്വാ ടൂറിസം പദ്ധതി പ്രദേശം എന്നിവിടങ്ങളിൽ രണ്ട് അക്വേറിയം നടത്തി വരുന്നു. കോട്ടയം അക്വാ മാർട്ടിൽ അക്വേറിയം സജ്ജീകരിക്കുന്നതിനുള്ള അനുബന്ധ സാമഗ്രികളുടെയും മത്സ്യക്കുഞ്ഞുങ്ങളുടെയും വിൽപ്പനയും നടത്തി വരുന്നു. തിരുവനന്തപുരം മ്യൂസിയത്തിലെ അക്വേറിയത്തിന്റെ നിർമ്മാണവും സജ്ജീകരണവും നടത്തിപ്പും മത്സ്യഫെഡിന്റെ നേതൃത്വത്തിൽ നടക്കുന്നു.

അലങ്കാര മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഫിഷറീസ് വകുപ്പിന് പട്ടികജാതി വികസന വകുപ്പിൽ നിന്ന് ലഭിച്ച 70 ലക്ഷം രൂപ ഉപയോഗപ്പെടുത്തി 10 അലങ്കാര മത്സ്യകൃഷി യൂണിറ്റുകൾ വീതം ഓരോ ജില്ലയിലും 5 ലക്ഷം രൂപ ചെലവഴിച്ച് സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ എല്ലാ ജില്ലയിലുമുള്ള

| | | | |
|---|---|---|---|
| | | | മത്സ്യകർഷക വികസന ഏജൻസി മുഖേനയും അലങ്കാര മത്സ്യകൃഷിയ്ക്ക് ധനസഹായം നൽകി വരുന്നുണ്ട്. |
| (ബി) | ഇതുവഴി എന്തെല്ലാം വികസന സാധ്യതകളാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ; | (ബി) | ഈ പദ്ധതികളിലൂടെ അലങ്കാര മത്സ്യ മേഖലയുടെ സമഗ്രവികസനം ഉണ്ടാകുന്നു. വീടുകളിൽ അക്വേറിയം പരിപാലനം പ്രചരിപ്പിക്കുക, അലങ്കാര മത്സ്യ ഉൽപ്പാദനവും വിപണനവും വർദ്ധിപ്പിക്കുക, അലങ്കാര മത്സ്യത്തീറ്റ, അക്വേറിയം അനുബന്ധ ഉപകരണങ്ങളുടെ വിപണനം എന്നിവ വർദ്ധിപ്പിക്കുക, ധാരാളം തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുക, അലങ്കാര മത്സ്യകയറ്റുമതി വർദ്ധിപ്പിക്കുക എന്നിവയാണ് പ്രധാന വികസന സാധ്യതകൾ. |
| (സി) | ഏതെല്ലാം ഏജൻസികളുടെ സഹായത്തോടെയാണ് പ്രസ്തുത പദ്ധതികൾ നടപ്പാക്കാനുദ്ദേശിക്കുന്നത്; | (സി) | മത്സ്യവകുപ്പിന് കീഴിലുള്ള സ്റ്റേറ്റ് ഫിഷറീസ് റിസോഴ്സ് മാനേജ്മെന്റ് സൊസൈറ്റി (ഫിർമ), സൊസൈറ്റി ഫോർ അസിസ്റ്റൻസ് ടു ഫിഷർ വിമൺ (സാഫ്), കേരള അക്വാ വെൻജേഴ്സ് ഇന്റർനാഷണൽ ലിമിറ്റഡ് (കാവിൽ), മത്സ്യഫെഡ് എന്നിവയുടെ സഹകരണത്തോടെയാണ് പദ്ധതി നടപ്പിലാക്കുന്നത്. |
| (ഡി) | നിലവിലുള്ള അക്വേറിയങ്ങൾ കാലാനുസൃതമായി പുനരുദ്ധരിക്കുവാനും പുതിയ അക്വേറിയങ്ങൾ തുടങ്ങുവാനും നടപടികൾ സ്വീകരിക്കുമോ? | (ഡി) | മത്സ്യബന്ധന വകുപ്പിന്റെ കീഴിലുള്ള നെയ്യാർ ഡാം അക്വേറിയം അഡാക്ക് മുഖേന പുനരുദ്ധരിക്കുകയും 22/08/2012 മുതൽ പൊതുജനങ്ങൾക്കായി തുറന്നു കൊടുക്കുകയും ചെയ്തിട്ടുണ്ട്. അഡാക്കിന്റെ വർക്കലയിലുള്ള ഓടയം ഹാച്ചറി കോമ്പൗണ്ടിൽ ആർ.കെ.വി. |

വൈ ധനസഹായത്തോടെ ഒരു സമുദ്രജല അക്വേറിയം സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. കോട്ടയം ജില്ലയിലെ വൈക്കത്ത് ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി മത്സ്യ ഫെഡിന്റെ നേതൃത്വത്തിൽ ഒരു പുതിയ അക്വേറിയത്തിന്റെ നിർമ്മാണം നടന്നു വരുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ .174

10.12.2012-ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി

ചോദ്യം

മറുപടി

| | | | |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | ഗവൺമെന്റ് അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം മത്സ്യത്തൊഴിലാളികളുടെ കടങ്ങൾ എഴുതിത്തള്ളുന്നതിനായി സംസ്ഥാനത്തെ ബാങ്കുകൾക്ക് നൽകിയ ആകെ തുക എത്രയെന്ന് വ്യക്തമാക്കാമോ; ഇതിനാവശ്യമായ മൊത്തം തുക എത്ര യാണ്; | (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്തിട്ടുള്ളതും 1969 ലെ കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട് പ്രകാരം പ്രവർത്തിക്കുന്ന സഹകരണ സംഘങ്ങൾ, സഹകരണ ബാങ്കുകൾ, എന്നിവിടങ്ങളിൽ നിന്ന് വായ്പയെടുത്ത് കുടിശ്ശികയായിട്ടുള്ളതുമായ മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി 49,70,20,294 രൂപ സഹകരണ വകുപ്പ് രജിസ്ട്രാർക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. സഹകരണ ബാങ്ക്/സഹകരണ സ്ഥാപനങ്ങളിൽ നിന്നുള്ള വായ്പയിനത്തിൽ 241.15 കോടി രൂപയുടെ കടാശ്വാസം അനുവദിക്കുന്നതിനായി നൽകിയ ഒന്നാം ഗഡുവായ 100 കോടി രൂപയ്ക്കു പുറമേ ബാക്കിയുള്ള 141.15 കോടി രൂപയും അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിഗണിച്ചു വരുന്നു. |
| (ബി) | ഗവൺമെന്റ് അധികാരമേറ്റ ശേഷം മത്സ്യത്തൊഴിലാളി കടാശ്വാസ പദ്ധതി പ്രകാരം സംസ്ഥാനത്തെ മത്സ്യ സഹകരണ സംഘങ്ങൾ എഴുതിത്തള്ളിയ ആകെ വായ്പാത്തുക എത്രയെന്ന് വ്യക്തമാക്കാമോ ? | (ബി) | മത്സ്യഫെഡിൽ നിന്നും, മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളിൽ നിന്നും NBCFDC, NMDFC വായ്പയെടുത്തു കുടിശ്ശികയായിട്ടുള്ള മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി മത്സ്യഫെഡ് മാനേജിംഗ് ഡയറക്ടർക്ക് 35,95,000 രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ